● ടി. ആരിഫലി /അമീർ ജമാഅത്തെ ഇസ്‌ലാമി കേരള

# നീതിന്യായ വ്യവസ്ഥയുടെ മൂല്യവൽക്കരണം

**നിലവിലുള്ള രീതികളിലെ പല പോരായ്മകളും കാരണം ജുഡീഷ്യറിയിൽ ഒരേ അഭിപ്രായമുള്ളവരും കുറേ താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരുമായ ചങ്ങാതിക്കൂട്ടങ്ങൾ വളർന്നുവരാനുള്ള സാധ്യത നിരാകരിക്കാനാവില്ല. അതുകൊണ്ട് കുറേകൂടി സുതാര്യമായ രൂപത്തിൽ കോടതികളും ന്യായാധിപ സമൂഹവും പുനഃസംവിധാനിക്കപ്പെടുന്നതിനുള്ള നിർദേശങ്ങളും ചർച്ചകളും ഉണ്ടാകേണ്ടതുണ്ട്.**

**ദൈവികവും** സനാതനവുമായ ഏറ്റവും വലിയ മൂല്യമാണ് നീതി. വേദഗ്രന്ഥങ്ങളെല്ലാം നീതിയെക്കുറിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ദൈവത്തിനുവേണ്ടി നിലകൊള്ളുന്നവൻ നീതിയുടെ സാക്ഷിയായിരിക്കുമെന്നും നീതിക്കുവേണ്ടി നിലകൊള്ളുന്നവർ ദൈവത്തിന്റെ സാക്ഷിയായിരിക്കുമെന്നും ഖുർആൻ പറഞ്ഞിട്ടുണ്ട്.

1949-ൽ നമ്മുടെ രാജ്യത്തെ നാം നിർണയിച്ചപ്പോൾതന്നെ നീതിനിർവഹണസംവിധാനത്തിന് വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. നിയമനിർമാണ-ഭരണനിർവഹണ സംവിധാനങ്ങളിൽനിന്ന് നീതിന്യായ മേഖലയെ നാം വേർപെടുത്തി നിർത്തിയത് സ്വാതന്ത്ര്യവും വ്യക്തിത്വവും നീതിന്യായ മേഖലക്ക് ഉറപ്പുവരുത്തുന്നതിനു വേണ്ടിയായിരുന്നു. നീതിനിർവഹണസംവിധാനത്തിന് വേറിട്ടൊരു വ്യക്തിത്വം നൽകുക വഴി, അതിനെമാത്രമല്ല നമ്മുടെ രാജ്യം ബഹുമാനിച്ചിട്ടുള്ളത്, നീതിയെന്ന ദൈവികവും സനാതനവുമായ മൂല്യത്തെക്കൂടിയാണ്.

നമ്മുടെ ഭരണഘടനയെ വ്യാഖ്യാനിക്കാനുള്ള അധികാരം നീതിപീഠങ്ങൾക്ക് നാം നൽകി. നിയമനിർമാണസഭകൾ ഉണ്ടാക്കുന്ന നിയമങ്ങൾക്കനുസൃതമായിട്ടാണ് കേസുകളിൽ വിധിത്തീർപ്പ് കൽപിക്കേണ്ടതെങ്കിലും ആ നിയമനിർമാണങ്ങളെ ഭരണഘടനയുടെ കാഴ്ചപ്പാടിലൂടെ നോക്കിക്കണ്ട് അത് ഹിതകരമാണോ, അഹിതകരമാണോ എന്നു പറയാനുള്ള അധികാരവും നാം നീതിന്യായ വ്യവസ്ഥക്ക് നൽകിയിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ കോടതികൾ ബഹുമാനിക്കപ്പെടേണ്ട, വ്യക്തിത്വമുള്ള സ്ഥാപനങ്ങളാണ്. ഇത്രയും സ്ഥാനവും അധികാരവും ബഹുമാനവും നാം കൽപിക്കുന്ന നീതിപീഠങ്ങളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാനുള്ള ശ്രമങ്ങൾ ഇനിയും ധാരാളമായി നടക്കേണ്ടതുണ്ട് എന്നാണ് കാര്യങ്ങളെ പുറമെനിന്ന് നോക്കുന്ന ആർക്കും മനസ്സിലാക്കാൻ കഴിയുന്ന യാഥാർഥ്യം.

ജഡ്ജിമാരുടെ നിയമനം തന്നെ കൂടുതൽ വിശാലമായ അർഥത്തിൽ പുനഃക്രമീകരിക്കേണ്ടതുണ്ട്. ജനപ്രതിനിധികളുടെയും സാമാന്യ ജനങ്ങളുടെയും നിയമവിദഗ്ധരുടെയും അഭിഭാഷക സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും ഭരണ നിർവഹണ മേഖലയുടെയും എല്ലാം പ്രാതിനിധ്യത്തോടെയുള്ള വിശാലമായ ബോഡിയിൽ വളരെ സുതാര്യമായ ചർച്ചയിലൂടെ നടക്കുന്ന നിയമന രീതിയായിരിക്കും നിലവിലുള്ള നിയമന രീതിയെക്കാൾ അഭികാമ്യം എന്ന അഭിപ്രായമുണ്ട്. നിലവിലുള്ള രീതികളിലെ പല പോരായ്മകളും കാരണം ജുഡീഷ്യറിയിൽ ഒരേ അഭിപ്രായമുള്ളവരും കുറേ താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരുമായ ചങ്ങാതിക്കൂട്ടങ്ങൾ വളർന്നുവരാനുള്ള സാധ്യത നിരാകരിക്കാനാവില്ല. അതുകൊണ്ട് കുറേകൂടി സുതാര്യമായ രൂപത്തിൽ കോടതികളും ന്യായാധിപ സമൂഹവും പുനഃസംവിധാനിക്കപ്പെടുന്നതിനുള്ള നിർദേശങ്ങളും ചർച്ചകളും ഉണ്ടാകേണ്ടതുണ്ട്.

ഇന്ത്യയിലെ നീതിപീഠം പല വെല്ലുവിളികളും നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. രാജ്യം സ്വാതന്ത്ര്യം നേടിയ മുതൽ നിലനിൽക്കുന്ന പല പ്രശ്നങ്ങളും ഇതുവരെ പരിഹരിക്കപ്പെട്ടില്ല എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. അതിരൂക്ഷമായ സാമൂഹിക അസമത്വം, ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനതയും അനുഭവിച്ചുകൊണ്ടിരിക്കുന്ന കൊടിയ ദാരിദ്ര്യം, സ്ത്രീകളും കുട്ടികളും അനുഭവിച്ചുകൊണ്ടിരിക്കുന്ന പരാധീനതകൾ, രാജ്യത്ത് ഭീകരമാംവിധം വളരുന്ന നിരക്ഷരത..... ഇതിനൊന്നും പരിഹാരം കാണാൻ നമ്മുടെ രാജ്യത്തെ ഭരണകൂടത്തിനോ നിയമ നിർവഹണ സംവിധാനത്തിനോ കഴിഞ്ഞിട്ടില്ല. ഇത് നമ്മെ വല്ലാതെ അസ്വസ്ഥപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് സ്വാതന്ത്ര്യ ലബ്ധിയുടെ 60 വർഷങ്ങൾക്കുശേഷം നാം ചിന്തിക്കുമ്പോൾ നമ്മുടെ ഭരണ-നീതിന്യായ വ്യവസ്ഥകളെ ഭാവിയിൽ എങ്ങനെ പുനഃസംവിധാനിക്കണം എന്ന ചർച്ച വളരെ പ്രസക്തവും ഗൗരവപൂർവം നടക്കേണ്ടതുമാ

ണ്.

നമ്മുടെ നിയമവ്യവസ്ഥ നേരത്തെ ഉണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാകുന്നില്ല എന്നു മാത്രമല്ല, പുതിയ പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും വേറെയും വളർന്നുകൊണ്ടിരിക്കുകയാണ്. വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അവകാശബാധ്യതകളുടെ നിർണയമാണ് യഥാർഥത്തിൽ നിയമം. അവകാശ ബാധ്യതകളുടെ ഇടയിലുള്ള നിയന്ത്രണം വളരെ കൃത്യവും യഥാർഥ്യനിഷ്ഠവും ആവുകയും അവ പൂർണമായി പ്രാവർത്തികമാവുകയും ചെയ്യുമ്പോഴാണ് നിയമങ്ങൾ നീതി സമ്മാനിക്കുന്നത്. വ്യക്തികൾ പരസ്പരവും വ്യക്തികളും സമൂഹവും തമ്മിലുമുള്ള ബാധ്യതകൾ പൂർണമായി കാത്തുരക്ഷിക്കാനുള്ള സംവിധാനമാണ് നമ്മുടെ നീതിന്യായ വ്യവസ്ഥ. എന്നാൽ ഇന്ന് പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും ഉദ്ഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ നിയമങ്ങൾ നമുക്ക് നിർമിക്കാൻ കഴിയാത്തവിധം, നമ്മളുണ്ടാക്കിയ നിയമങ്ങൾക്കനുസൃതമായി നമുക്ക് വിധികൾ കൽപിക്കാൻ കഴിയാത്തവിധം സാമ്രാജ്യത്വത്തിന്റെയും വൈദേശികാധിപത്യത്തിന്റെയും കരങ്ങൾ നമ്മുടെ നീതിനിർവഹണ സംവിധാനത്തിൽ പിടിമുറുക്കിക്കൊണ്ടിരിക്കുന്നുവെന്നത് നാം അനുഭവിക്കുന്ന വലിയൊരു വെല്ലുവിളിയാണ്. വരുംനാളുകളിൽ നമ്മുടെ സ്വയം നിർണയാവകാശം സംരക്ഷിച്ചുനിർത്തിക്കൊണ്ട് എങ്ങനെയാണ് നീതി നിർവഹണം സാധ്യമായിത്തീരുകയെന്നത് നമ്മുടെ മുമ്പിലുള്ള വലിയൊരു ചോദ്യ ചിഹ്നം തന്നെയാണ്.

നമുക്ക് പിടിച്ചു നിർത്താൻ കഴിയാത്തവിധം വിവരസാങ്കേതികവിദ്യ വികസിച്ചുകൊണ്ടിരിക്കുകയാണ്. അതുവഴി കടന്നുവരുന്ന സാംസ്കാരിക അധിനിവേശം വളരെ വലിയ ഭീഷണി ഉയർത്തുന്നു. ഇതിനെ പ്രതിരോധിക്കാൻ എന്തുണ്ട് വഴി എന്നത് നമ്മുടെ നിയമത്തിന്റെ മുമ്പിൽ വലിയൊരു ചിന്താ വിഷയമാണ്. പഴയ സങ്കൽപങ്ങളെയും പഴയ രീതികളെയും മാറ്റിവെച്ചുകൊണ്ടു മാത്രമേ ഇപ്പോൾ വളർന്നുവരുന്ന ജനിതക സാങ്കേതിക വിദ്യയെ നമുക്ക് സമീപിക്കാൻ കഴിയുകയുള്ളൂ. നേരത്തെ ഉയർത്തിപ്പിടിച്ചിരുന്ന മൂല്യങ്ങളെ നിലനിർത്തിക്കൊണ്ട്, നമ്മുടെ രാജ്യം പ്രതിനിധാനം ചെയ്യുന്ന, വേദഗ്രന്ഥങ്ങളിൽനിന്ന് സ്വീകരിച്ചിട്ടുള്ള മൂല്യങ്ങളെ സംരക്ഷിച്ചുകൊണ്ട് എങ്ങനെയാണ് പുതിയ ജനിതക സാങ്കേതിക വിദ്യയോട് നമുക്ക് പ്രതികരിക്കാൻ കഴിയുക? നമ്മുടെ മൂല്യങ്ങളിൽ നമ്മെ പിടിച്ചു നിർത്താനുള്ള എന്തു നിയമനിർമാണമാണ് നടത്താനാവുക എന്നുള്ളത് പ്രധാനപ്പെട്ടൊരു പ്രശ്നമാണ്.

സമൂഹത്തിന്റെ വളർച്ച, നിയമത്തിന്റെ വളർച്ചയെക്കാൾ വളരെ വേഗത്തിലാണ് നടക്കുന്നത്. നിയമങ്ങൾ പലപ്പോഴും വളരുന്നത് നൂറ്റാണ്ടുകൾ കൊണ്ടാണ്. അതുകൊണ്ട് വർത്തമാന കാലത്ത് വളരെ വൈകാരികമായ പശ്ചാത്തലത്തിൽ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ പോലും ഒരു നൂറ്റാണ്ടുമുമ്പുള്ള നിയമങ്ങൾ വെച്ചാണ് നാം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. വെള്ളം, ഭൂമി പോലുള്ള വിഷയങ്ങൾ ഉദാഹരണം. മുമ്പ് ഭൂമിയെ സംബന്ധിച്ച് ബ്രിട്ടീഷുകാർ ഉണ്ടാക്കിവെച്ച നിയമങ്ങളാണ് പലപ്പോഴും നമ്മുടെ വിധിത്തീർപ്പുകൾക്ക് അടിത്തറയായി വർത്തിക്കുന്നത്. പക്ഷേ, ഭൂമിയെ സംബന്ധിച്ചുള്ള സങ്കൽപങ്ങൾ മാറി. ഭൂമിയുടെ സമ്പദ്ഘടനയും ഭൂമിയുടെ രാഷ്ട്രീയവും മാറി. ഭൂമിയുടെ രാഷ്ട്രീയം ഇന്ന് ഏറ്റവും വലിയൊരു വിഷയമായി മാറിയിരിക്കുന്നു. അപ്പോൾ

**ഇന്ന് നിയമം പഠിക്കുന്നത് അതിലെ പഴുതുകളും വിടവുകളും കണ്ടെത്താനാണ്. ആ വിടവുകളെയും പഴുതുകളെയും സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനാണ് പലപ്പോഴും ശ്രമങ്ങൾ നടക്കുന്നത്. നിയമത്തെ അനുസരിക്കാൻ വേണ്ടി ആരെങ്കിലും നിയമം പഠിക്കാറുണ്ടോ എന്ന് സംശയമാണ്. നിയമം പഠിപ്പിക്കുമ്പോഴും പഠിക്കുമ്പോഴും അവ പാലിക്കണമെന്ന ചിന്താഗതി കൂടി പഠിപ്പിക്കേണ്ടതുണ്ട്.**

സമൂഹത്തോടൊപ്പം നിയമത്തെ എത്തിക്കണമെങ്കിൽ വളരെ ശക്തമായ ആലോചനകൾ നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം, സമൂഹം പുരോഗമിക്കുന്നതിനനുസരിച്ച് നിയമങ്ങൾ കാലഹരണപ്പെടുകയും ചെയ്യും. നീതിനിർവഹണം സാധ്യമാകണമെങ്കിൽ നീതിന്യായവ്യവസ്ഥകൾക്ക് സന്തുലിതവും സുതാര്യവുമായി പ്രവർത്തിക്കാൻ കഴിയണമെങ്കിൽ വളരെ ഫലപ്രദമായ പരിഷ്കരണങ്ങൾ വരേണ്ടതുണ്ട്.

നീതിനിർവഹണമേഖല നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാനുള്ള കരുത്ത് നിയമജ്ഞർക്കും ഉണ്ടാകണം. ഇതിനുള്ള പദ്ധതികളും ജസ്റ്റീഷ്യയുടെ പ്രവർത്തന പരിധിയിൽ വരും എന്നു പ്രതീക്ഷിക്കുന്നു. ജുഡീഷ്യറിയുടെ മൂല്യവൽക്കരണമാണ് ജസ്റ്റീഷ്യയുടെ പ്രവർത്തനങ്ങളിലൊന്നായി പറഞ്ഞിട്ടുള്ളത്.

യഥാർഥത്തിൽ നിയമങ്ങളിലൂടെ മാത്രമല്ല സമൂഹത്തിന് നീതി സമ്മാനിക്കുന്നത്. വിധികളെ സ്വാധീനിക്കുന്ന ഒരുപാട് ഘടകങ്ങളുണ്ട്. ലഭിക്കാനായി കോടതിയെ സമീപിക്കുന്ന സാമാന്യജനം അതിലേറ്റവും പ്രധാനഘടകമാണ്. വിഹിതമായ ഒരു കാര്യത്തിനു മാത്രമേ കോടതിയെ സമീപിക്കുകയുള്ളൂ എന്ന് നമുക്ക് തീരുമാനിക്കാൻ കഴിയുമോ? അതിനു നമുക്ക് സാധ്യമല്ലെങ്കിൽ വിധികൽപിക്കുന്നവരെയും അതിന് പരിശ്രമിക്കുന്നവരെയും മാത്രം നാം പഴി പറഞ്ഞിട്ടു കാര്യമില്ല. കക്ഷികളും അവർക്കുവേണ്ടി വാദിക്കുന്ന നിയമജ്ഞരും അവരുൾപ്പെടുന്ന നീതിനിർവഹണ സംവിധാനവും കോടതിയും ജഡ്ജിയുമെല്ലാം ഇതിന്റെ ഘടകങ്ങളാണ്. ഇവയെ എല്ലാം ഒന്നിച്ച് സംസ്കരിച്ചെടുക്കാനും മൂല്യവൽക്കരിക്കാനും നടത്തുന്ന ശ്രമങ്ങൾ മാത്രമേ യഥാർഥത്തിൽ വിജയിക്കുകയുള്ളൂ. കോടതികൾ നമ്മുടെ സമൂഹത്തിന്റെ ഒരു പരിഛേദം മാത്രമാണ്. സമൂഹത്തിലില്ലാത്ത നന്മ കോടതികളിൽനിന്ന് നാം പ്രതീക്ഷിക്കുന്നത് വ്യർഥമാണ്. സമൂഹത്തിൽനിന്നുതന്നെയാണ് നന്മക്കുവേണ്ടിയുള്ള മുറവിളികൾ ഉണ്ടാവേണ്ടത്. നന്മ മാത്രമേ ഞങ്ങൾ അംഗീകരിക്കൂ എന്ന് ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളും പറയുന്ന ഘട്ടത്തിലാണ് നമ്മുടെ മറ്റുമേഖലകളെ പോലെ നീതിനിർവഹണ സംവിധാനത്തെയും പരിഷ്കരിച്ചെടുക്കാൻ കഴിയുക. അതുകൊണ്ട് ജനങ്ങളെ

ബോധവൽക്കരിക്കേണ്ടത് വളരെ അനിവാര്യമാണ്.

ഇന്ന് നിയമം പഠിക്കുന്നത് അതിലെ പഴുതുകളും വിടവുകളും കണ്ടെത്താനാണ്. ആ വിടവുകളെയും പഴുതുകളെയും സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനാണ് പലപ്പോഴും ശ്രമങ്ങൾ നടക്കുന്നത്. നിയമത്തെ അനുസരിക്കാൻ വേണ്ടി ആരെങ്കിലും നിയമം പഠിക്കാറുണ്ടോ എന്ന് സംശയമാണ്. നിയമം പഠിപ്പിക്കുമ്പോഴും പഠിക്കുമ്പോഴും അവ പാലിക്കണമെന്ന ചിന്താഗതി കൂടി പഠിപ്പിക്കേണ്ടതുണ്ട്. എല്ലാ നിമയങ്ങളെക്കാളും വലിയൊരു നിയമപാലകനെ അവനവനുള്ളിൽ വളർത്താനും നിലനിർത്താനും നമുക്ക് കഴിയുമ്പോൾ മാത്രമേ നിയമവും നീതിയും പുലരൂ എന്നു മനസ്സിലാക്കണം.

നിയമം ലംഘിക്കുന്നവനാണ്, നിയമം പാലിക്കുന്നവനല്ല ഇന്ന് മിടുക്കൻ. റേഷൻകാർഡിനുവേണ്ടി കുറേപേർ ക്യൂനിൽക്കുമ്പോൾ ക്യൂവിന്റെ ഏറ്റവും അവസാനം നിന്ന് റേഷൻ കാർഡ് വാങ്ങിപ്പോകുന്നവൻ നമ്മുടെ ഭാഷയിൽ 'പാവ'മാണ്. എന്നാൽ പിൻവാതിലിലൂടെ കടന്നുചെന്ന് ആരെയെങ്കിലും സ്വാധീനിച്ച് അഞ്ചുമിനിറ്റുകൊണ്ട് കാർഡ് തരപ്പെടുത്തുന്നവൻ മിടുക്കനാണ്. അവന്നാണ് സമൂഹത്തിൽ സ്ഥാനം! അപ്പോൾ നിയമം ലംഘിക്കുന്നതാണ് മിടുക്ക് എന്ന് മനസ്സിലാക്കപ്പെടുന്ന ഒരു സമൂഹത്തിൽ, അവരുടെ മാനസികാവസ്ഥയിൽ തന്നെ മാറ്റം വരുത്തി നിയമലംഘനത്തിനു പകരം നിയമപാലനം ശീലിപ്പിക്കാൻ കഴിയണമെങ്കിൽ അവരുടെ ഉള്ളിൽ മനഃസാക്ഷിയെന്ന ഒരു കാവൽക്കാരനുണ്ടാകണം.

നീതിന്യായ വ്യവസ്ഥയുടെ മൂല്യവൽക്കരണം എന്നത് ജഡ്ജിമാരുടെ മൂല്യവൽക്കരണമാണ്. വക്കീലന്മാരുടെയും കോടതിയിലെ ഉദ്യോഗസ്ഥന്മാരുടെയും മൂല്യവൽക്കരണമാണ്. പ്രധാനമായി പൊതുസമൂഹത്തിന്റെ തന്നെ മൂല്യവൽക്കരണമാണ്.

ഈ രാജ്യത്തെ നാം വിശേഷിപ്പിച്ചിട്ടുള്ളത് 'നമ്മുടെ രാജ്യം' എന്നാണ്. നമ്മുടെ ഭരണഘടനയുടെ ആമുഖവും അസാധാരണമാണ്. നമ്മെ നാം നിർവചിക്കുന്ന ഒരു ആമുഖമാണ്. അതിലെ നാം- ഇന്ത്യൻ ജനത- എന്ന വാക്കിന് വലിയ ശക്തിയുണ്ട്. ഇന്ത്യൻ ജനതക്കാണ് ഇവിടുത്തെ പരമാധികാരം. ആ പരമാധികാരം നഷ്ടപ്പെടുന്നിടത്താണ് നമ്മുടെ പൂർവികർ സമരം ചെയ്തിട്ടുള്ളത്. ആ പരമാധികാരം നമുക്ക് നഷ്ടപ്പെടുന്നുവെങ്കിൽ അത് സംരക്ഷിക്കാനുള്ള പോരാട്ടം അനിവാര്യമാണ്.

നമ്മുടെ രാജ്യം അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ എങ്ങനെ തരണം ചെയ്യാനാകും, പുതിയ പ്രതിസന്ധികളെ എങ്ങനെ നേരിടാം, നീതിന്യായ വ്യവസ്ഥയെ എങ്ങനെ മൂല്യവൽക്കരിക്കാം തുടങ്ങിയ വിഷയങ്ങളിലുള്ള ചർച്ചകൾക്ക് ജസ്റ്റീഷ്യ വഴിയൊരുക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ■

(2007 ഡിസംബർ 15-ന് കോഴിക്കോട്ട് ചേർന്ന *ജസ്റ്റീഷ്യ*യുടെ പ്രഥമസമ്മേളനത്തിൽ ചെയ്ത പ്രസംഗം).